**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 107 — 23.01.2018-ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോ തൃപ്പൂണിത്തുറ വരെ നീട്ടുന്നതിന്റെ ഭാഗമായുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | കൊച്ചി മെട്രോയുടെ Phase I A-യുടെ ഭാഗമായി തൃപ്പൂണിത്തുറ പേട്ട മുതൽ എസ്.എൻ ജംഗ്ഷൻ വരെയുള്ള പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുള്ളതും, ഇതിന്റെ ഭാഗമായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരികയുമാണ്. |
| (ബി) | നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം ഉണ്ടാകുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നിയമപരമായ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം നേരിടുന്നുണ്ട്. |
| (സി) | പ്രസ്തുത നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; നിർമ്മാണം എപ്പോൾ പൂർത്തിയാകും എന്ന് അറിയിക്കുമോ; | (സി) | നടപടി സ്വീകരിച്ചു വരുന്നു. ഡിസംബർ 2021-ൽ നിർമ്മാണം പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | കൊച്ചി മെട്രോ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ നീട്ടിയാൽ, ലഭ്യമാകുന്ന പാർക്കിംഗ് സൗകര്യം, കൂടുതൽ മെട്രോ യാത്രക്കാർ എന്നിങ്ങനെയുള്ള കാര്യങ്ങൾ പരിഗണിച്ച് ആയതിനായി നടപടി സ്വീകരിക്കുമോ? | (ഡി) | Phase III-യുടെ ഭാഗമായി കൊച്ചി മെട്രോ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ നീട്ടുന്നതിനുള്ള വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ